# 1
# യേശുമശിഹായുടെ വംശാവലി
## (1:1-17)

മത്തായിയുടെ സുവിശേഷത്തിലെ ആദ്യ വാക്യങ്ങൾ (1:1–17) ബൈബിളിൽ ഉപയോഗമില്ലാത്തതായാണ് പലരും കാണുന്നത്. അത് ആവശ്യമില്ലാത്തതെന്ന നിലയിൽ ചില വിദ്യാർത്ഥികൾ അവ വെറുതെ വായിച്ചു വിട്ടുകളയും. മത്തായി എന്തിനാണ് അത് എഴുതി ചേർത്തത്, അതു നമുക്ക് എന്തു ഗുണമാണ് ചെയ്യുന്നത്? പൊതുവായി പറഞ്ഞാൽ, ബൈബിളിലെ വംശാവലികൾ പ്രാഥമികമായി വംശങ്ങളെ സ്ഥിരീകരിക്കയാണ് ചെയ്യുന്നത്. ഡഗ്ലസ് എസ്. ഹഫ്മാൻ പറഞ്ഞു, "[പഴയനിയമത്തിൽ] വംശാവലിയുടെ ആമുഖമായി നോഹയുടേയും അബ്രഹാമിന്റേയും വിവരണം ചേർത്തിരിക്കുന്നതുപോലെയാണ് യേശുവിന്റെ ജീവിതത്തിനു മുൻപായി വംശാവലി ചേർത്തിരിക്കുന്നതും (ഉൽപത്തി 5:1–32 ഉം 11:10–32 ഉം)."[1]

വംശാവലി കുടുംബ ബന്ധങ്ങളെ തെളിയിക്കുന്നതുകൊണ്ട്, അവ കാലനിർണ്ണയപ്രകാരം തികവുള്ളതായിരിക്കുകയില്ല; ചില പേരുകൾ ഒഴിവാക്കിയിരിക്കാം (1:8, 11 ലെ പരാമർശം നോക്കുക). അത്തരം വിട്ടുകളയൽ ബൈബിൾ എഴുത്തുകാരുടെ പൊതുവായ പരിശീലനമായിരുന്നു. ചിലപ്പോൾ രേഖയിൽ പ്രധാനപ്പെട്ടതു മാത്രം ഉൾപ്പെടുത്തുവാനായി ഏതാനും തലമുറകൾ തന്നെ വിട്ടു കളഞ്ഞേക്കാം, അല്ലെങ്കിൽ ചില പ്രത്യേക വ്യക്തികളെ പറയേണ്ട ആവശ്യമില്ലായിരിക്കാം. ബന്ധങ്ങൾ സ്ഥാപിക്കുവാൻ വംശാവലികൾ പൂർണ്ണമായിരിക്കേണ്ടതില്ല.

കനാൻ ദേശത്ത് അവർക്ക് അവകാശം ലഭിക്കുന്നതിന് കുടുംബ പൈതൃകം തെളിയിക്കേണ്ടതിനായിരുന്നു യഹൂദന്മാർ വംശാവലി ഉപയോഗിച്ചത് (സംഖ്യാ. 26:52–56). ബാബിലോൺ പ്രവാസത്തിനു ശേഷം യെരുശലേമിലേക്ക് മടങ്ങി വന്ന ചില പുരോഹിതന്മാർക്ക് അവരുടെ വംശാവലി "മുൻഗാമികളെ രേഖപ്പെടുത്തിയിരുന്നതിൽ" കാണുവാൻ കഴിഞ്ഞില്ല. തൽഫലമായി, "അവരെ അശുദ്ധരായി കണക്കാക്കി പൗരോഹിത്യത്തിൽ ഉൾപ്പെടുത്തിയില്ല" (എസ്രാ 2:61, 62). അത്തരം സന്ദർഭങ്ങളിൽ അവരുടെ വംശാവലി തെളിയിക്കേണ്ടത് പരമ പ്രധാനമായിരുന്നു.

ഇദുമീൻ (ഏദോമ്യൻ) എന്ന മഹാനായ ഹെരോദാവ് ആയിരുന്നു വംശാവലി പ്രധാനപ്പെട്ടതായിരുന്ന മറ്റൊരു വ്യക്തി. "യെഹൂദന്മാരുടെ രാജാവായി" അവൻ അംഗീകരിക്കപ്പെടണമായിരുന്നു, സിംഹാസനത്തിനായുള്ള മൽസരം അവൻ സഹിച്ചിരുന്നില്ല. അവൻ അതിനു മാർഗ തടസം സൃഷ്ടിച്ചവരെ, ഭാര്യയെയും, അവളുടെ രണ്ടു സഹോദരന്മാരെയും, തന്റെ മൂന്നു പുത്രന്മാരെയും കൊന്നു കളഞ്ഞു. അഗസ്തോസ് കൈസരെ കുറിച്ച് ഇങ്ങനെ പറഞ്ഞിരുന്നു, "ഹെരോദാവിന്റെ മകൻ ആകുന്നതിനേക്കാൾ, അവന്റെ പന്നിയാകുന്നതാണ് നല്ലത്."[2] ഹെരോദാവ് യഹൂദ പരിശീലകനായതിനാൽ, അവൻ പന്നിയെ കൊല്ലുകയില്ല; അതേ സമയം തന്റെ മക്കളെ കൊല്ലുവാൻ അവനു യാതൊരു മനസാക്ഷിക്കുത്തുമില്ല. ജൂലിയസ് ആഫ്രിക്കാനസ് പറഞ്ഞതനുസരിച്ച്, തന്റെ

സ്വാർത്ഥതക്കായി വംശാവലി തന്നെ നശിപ്പിക്കയും,[3] ചരിത്രത്തെ തനിക്ക് അനുകൂലമാക്കി തീർക്കുകയും ചെയ്തിരുന്നു. കിഴക്കുനിന്നു ക്രിസ്തുവിനെ നമസ്ക്കരിക്കുവാൻ വന്ന – വിദ്വാന്മാരാൽ വഞ്ചിക്കപ്പെട്ട രാജാവായിരുന്നു അവൻ – ആ വിദ്വാന്മാർ പറഞ്ഞതനുസരിച്ച് "രണ്ട് വയസിലും, അതിൽ താഴെയുമുള്ള ബേത്ലഹേമിലും അതിനു ചുറ്റുമുള്ള എല്ലാ ആൺകുട്ടികളെയും കൊല്ലുവാൻ കൽപന പുറപ്പെടുവിച്ച ഹെരോദാവായിരുന്നു അവൻ" (2:16).

മുകളിൽ പറഞ്ഞ ചരിത്രപശ്ചാത്തലത്തിനെതിരായി മത്തായി തന്റെ സുവിശേഷവിവരണം എഴുതി. പ്രചാരത്തിലിരിക്കുന്ന ഒരു വീക്ഷണം പറയുന്നത് മത്തായി തന്റെ വംശാവലി, യേശുവിന്റെ വളർത്തപ്പനായിരുന്ന യോസേഫ് മുഖാന്തരവും, ലൂക്കൊസിന്റേത്, ലൂക്കൊസ് 3:23–38 ലെ മറിയയുടെ കുടുംബം മുഖാന്തരവുമാണെന്നാണ്. ഈ സംഭവത്തിൽ, ക്രിസ്തുവിന്റെ സ്വാഭാവികമായ അവരോഹണം മറിയയിൽനിന്നുമാണെന്നും, മത്തായി നൽകിയിരിക്കുന്നത് രാജകീയ (നിയമപരമായ) യോസേഫിന്റെ ദത്തു പുത്രനായുള്ള അവരോഹണത്തെയും ആണ് പറയുന്നത്.[4] യേശു "ദാവീദിന്റെ സന്തതിയാണെന്ന്" തെളിയിക്കേണ്ടതു മത്തായിക്കു പ്രാധാന്യമേറിയതായിരുന്നു, അതായിരുന്നു, അവനെ യിസ്രായേലിന്റെ സിംഹാസനത്തിന് അവകാശിയാക്കിയതും (1:1). ദൈവം ദാവീദിന്റെ വംശാവലിയിൽകൂടെ മശിഹയെ ലോകത്തിലേക്ക് കൊണ്ടുവരുമെന്ന് നാഥാൻ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തിരുന്നു (2 ശമു. 7:12–16).

---

**വംശാവലിയിലെ വ്യത്യാസങ്ങൾ**

| *മത്തായിയുടെ വംശാവലി (മത്താ, 1:1–17)* | *ലൂക്കൊസിന്റെ വംശാവലി (ലൂക്കൊ, 3:23–38)* |
|---|---|
| 1. പുസ്തകത്തിന്റെ ആരംഭത്തിൽ ആണുള്ളത് | 1. യേശുവിന്റെ സ്നാനശേഷം കൊടുത്തിരിക്കുന്നു |
| 2. മൂന്നു പിരിവുകൾ (14+14+14) | 2. പിരിവുകൾ ഇല്ല |
| 3. അബ്രഹാം മുതൽ യേശു വരെ | 3. യേശു മുതൽ ആദാം/ദൈവം |
| 4. പിൻഗാമികളുടെ "പിതാവ്" | 4. മുൻഗാമികളുടെ "സന്തതി" |
| 5. സ്ത്രീകളെയും സഹോദരന്മാരെയും ഉൾപ്പെടുത്തിയിരിക്കുന്നു | 5. മുൻഗാമികളെ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു |
| 6. ദാവീദിന്റെ സന്തതി ശലോമോൻ മുഖാന്തരമുള്ള വംശാവലി | 6. ദാവീദിന്റെ സന്തതി നാഥാൻ മുഖാന്തരമുള്ള വംശാവലി |

---

## മുഖവുര (1:1)

**[1]അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശു മശിഹായുടെ വംശാവലി.**

**വാക്യം 1.** തുടർന്നു പറയുന്ന വംശാവലിക്കുള്ള മുഖവുരയാണ് ആദ്യവാ

ക്യം. **വംശാവലി** രേഖ (*ബിബ്ലോസ് ജെനെസെയോസ്*) എന്ന പ്രയോഗത്തിന്റെ അർത്ഥം "ദ ബുക്ക് ഓഫ് ദ ജെനസിസ്, അല്ലെങ്കിൽ ആരംഭം" എന്നാണ്. ആ പ്രയോഗം മത്തായിയുടെ സുവിശേഷത്തെ മുഴുവനും ബാധിക്കുന്ന താകയാൽ, "മിക്ക പണ്ഡിതന്മാരും വിചാരിക്കുന്നതുപോലെ"[5] അത് വംശാവ ലിയെ മാത്രം ബാധിക്കുവാനാണ് സാധ്യത. ആ തീർപ്പിനെ പിന്താങ്ങുന്നതാണ് സെപ്ത്വജിന്റിൽ *ജെനസിസ്* എന്ന വാക്ക് അടിക്കടി ഉപയോഗിച്ചിരിക്കുന്നത് (ഉൽപ. 5:1; 6:9; 10:1, 32; 11:10, 27 നോക്കുക).

**യേശു മശിഹായുടെ** വംശാവലിയാണ്. ഡൊണാൾഡ് ഏ. ഹാഗ്നെർ നി രീക്ഷിച്ചു, "[പഴയ നിയമത്തിലെ] വംശാവലികളും, യെഹൂദ പാരമ്പര്യവും എപ്പോഴും ലിസ്റ്റിൽ പൂർവ്വികന്റെ പേരാണ് വരുന്നത് എന്നത് പ്രാധാന്യമുള്ള കാര്യമാണ്. എങ്ങനെയായാലും, ഇവിടെ ലിസ്റ്റിൽ വന്നിരിക്കുന്നത് കുടും ബത്തിലെ അവസാന അംഗമാണ്."[6] ഈ പ്രത്യേകത യേശുവിനു കൂടുതൽ ഊന്നൽ കൊടുക്കുന്നതാണ്.

ഗ്രീക്കിൽ യേശുവിനെ "ക്രിസ്തു" (*ക്രിസ്റ്റോസ്*) എന്നാണ് വിളിച്ചിരിക്കു ന്നത്, അതിനർത്ഥം "അഭിഷിക്തൻ" എന്നാണ്, എബ്രായ ഭാഷയിൽ, അത് "മശിഹാ" (*മശിയാക്*) എന്നതിനു തുല്യമാണ്. ചുരുക്കം ചില സമയങ്ങളിൽ എൻഏഎസ്ബിയിൽ ക്രിസ്റ്റോസ് തർജിമ ചെയ്തിരിക്കുന്നത്, "മശിഹാ" എന്നാണ് (1:1, 16, 17; 2:4; യോഹ. 1:41; 4:25). എന്നാൽ ആരംഭത്തിൽ "ക്രിസ്തു" എന്നാണ് യേശുവിനെ വിളിച്ചിരുന്നത്. പിന്നീട് രണ്ടാമത്തെ പേരായി മാറി.

യേശുക്രിസ്തുവിന്റെ വംശാവലിയുടെ മുഖ്യ സ്വഭാവങ്ങൾ വാക്യം 1–ൽ ഉയർത്തിക്കാണിക്കുന്നു (1:17 ലെ പരാമർശങ്ങൾ നോക്കുക.). ദാവീദിന്റെ വംശാവലിയിലുള്ള വേരുകൾ ഊന്നിപ്പറയുന്ന പ്രയോഗമാണ് ദാവീദിന്റെ സന്തതി എന്നത്, അത് ദൈവം തന്റെ വാഗ്ദാനം പാലിക്കുമെന്ന ഉറപ്പാണ് നൽകുന്നത്. 2 ശമുവേൽ 7:12–ൽ, യഹോവ ദാവീദിനോടു പറഞ്ഞു "അവന്റെ പിൻഗാമികളുടെ എന്നേക്കുമുള്ള [രാജ്യ സിംഹാസനം] ഉറപ്പിക്കുക" (സങ്കീ. 89:29; 132:11; ലൂക്കോ 1:32; പ്രവൃത്തികൾ 2:30–36). മത്തായിയുടെ സുവിശേഷ ത്തിൽ, യേശുവിന്റെ മശിഹാ പേരിനുവേണ്ടിയാണ്, പലപ്പോഴും "ദാവീദിന്റെ സന്തതി" എന്നു പറഞ്ഞിരിക്കുന്നത് (9:27; 12:23; 15:22; 20:30, 31; 21:9, 15; 22:42). "ദാവീദിന്റെ പിൻഗാമിയായി അവൻ ഭരണം പിടിച്ചെടുക്കുകയായിരുന്നില്ല, എന്നാൽ നിയമപരമായി ദൈവജനത്തിന്റെ ഭരണാധികാരിയായി തീർന്നു".[7]

യേശുവിനെ **അബ്രഹാമിന്റെ സന്തതി** എന്നും വിളിച്ചിരിക്കുന്നു. ലി യോൺ മോറിസ് പറഞ്ഞു,

> യിസ്രായേൽ പ്രത്യേകതയുള്ള ദൈവജനമാകേണ്ടതിനു ദൈവം അബ്ര ഹാമുമായി ഒരു ഉടമ്പടി ചെയ്തിരുന്നു (ഉല്പ 12:2–3; 15:17–21; 17:1–14). മഹാനായിരുന്ന ആ പിതാവിന്റെ പിൻഗാമികൾ എന്നു വിളിക്കപ്പെടു വാൻ എല്ലാ യിസ്രായേല്യരും അഭിമാനിച്ചിരുന്നു, വിശ്വാസത്തിന്റെ മാതൃ കയായിതീർന്ന അവനെ ക്രിസ്ത്യാനികൾ പ്രത്യേകിച്ചും ബഹുമാനിച്ചിരു ന്നു (ഇതു പ്രത്യേകമായി റോമാക്കാരിൽ പൗലോസ് കൊണ്ടുവരുന്നു).[8]

ഈ വിവരണം അബ്രഹാം പിതാവിലേക്കു പോകുമ്പോൾ യിസ്രായേലിൽ യേശുവിന്റെ വംശാവലിയെ മാത്രമല്ല, ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദാനം യേശുവിൽ നിറവേറുന്നതായും കാണിക്കുന്നു. യഹോവ അബ്ര

ഹാമിനോടു പറഞ്ഞു, “നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്ര ഹിക്കപ്പെടും” (ഉല്പത്തി 12:3). പിന്നീട് അവൻ പറഞ്ഞു, “നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകലജാതികളും അനുഗ്രഹിക്കപ്പെടും” (ഉല്പ 22:18). അബ്രഹാമിന്റെ “സന്തതി” ക്രിസ്തുവാണെന്ന് പൗലോസ് പറഞ്ഞു (ഗലാ. 3:16). അവൻ മുഖാന്തരം സകല ജാതികളും തീർച്ചയായും അനുഗ്ര ഹിക്കപ്പെടും (28:18–20).

## പിതാക്കന്മാർ (1:2-6)

**[2]അബ്രഹാം യിസഹാക്കിനെ ജനിപ്പിച്ചു; യിസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു; യാക്കോബ് [3]യെഹൂദയെയും അവന്റെ സഹോദരന്മാരേയും ജനി പ്പിച്ചു; യെഹൂദ താമാരിൽ പാരെസിനെയും സാരഹിനെയും ജനിപ്പിച്ചു; പ ാരെസ് ഹെസ്രോനെ ജനിപ്പിച്ചു; ഹെസ്രോൻ അരാമിനെ ജനിപ്പിച്ചു; [4]അരാം അമ്മീനാദാബിനെ ജനിപ്പിച്ചു; അമ്മീനാദാബ് നഹശോനെ ജനിപ്പിച്ചു; നഹ ശോൻ ശല്മോനെ ജനിപ്പിച്ചു; [5]ശല്മോൻ രാഹാബിൽ ബോവസിനെ ജനി പ്പിച്ചു; ബോവസ് രൂത്തിൽ ഓബേദിനെ ജനിപ്പിച്ചു; ഓബേദ് യിശ്ശായിയെ ജനിപ്പിച്ചു; [6]യിശ്ശായി ദാവീദ് രാജാവിനെ ജനിപ്പിച്ചു.**

അബ്രഹാം മുതൽ ദാവീതു വരെ, യിസ്രായേലിലെ പിതാക്കന്മാരെ പറ ഞ്ഞുകൊണ്ടുള്ള വംശാവലിയാണ് (1:2–6) ആദ്യ ഭാഗത്തുള്ളത്. അത് പഴയ നിയമത്തിലുള്ള വംശാവലിയുമായി യോജിക്കുന്നു (രൂത്ത് 4:18–22; 1 ദിന. 1:28, 34; 2:1–15).

**വാക്യം. 2 അബ്രഹാമിനെ** കല്ദയ പട്ടണമായ ഊരിൽ നിന്ന് കനാൻ ദേശ ത്തേക്ക് വിളിച്ചു വേർതിരിച്ചു (ഉല്പ. 15:7; 24:7; പ്രവൃത്തികൾ 7:2–4). അവന്റെ സന്തതി മുഖാന്തിരം, ദൈവം യിസ്രായേൽ ദേശത്തെ രൂപപ്പെടുത്തും; യിസ്രാ യേൽ ദേശത്തിൽ നിന്നു ലോക രക്ഷിതാവായ ക്രിസ്തു വരികയും ചെയ്യും.

അബ്രഹാമിന് വാർദ്ധക്യത്തിൽ വാഗ്ദാനം ചെയ്ത സന്തതിയായിരുന്നു **യിസഹാക്ക്** (ഉല്പ 15:4; 21:1–3). ദൈവീക വാഗ്ദാനങ്ങൾ നിറവേറിയത് യിസ്മായേലിൽകൂടെയായിരുന്നില്ല, മറിച്ച് യിസഹാക്കിൽകൂടെ ആയിരുന്നു (ഉല്പ 16:1–16; 17:15–22).

യിസഹാക്ക്, ഇരട്ട മക്കളായ **യാക്കോബിന്റേയും** ഏശാവിന്റേയും പി താവായിരുന്നു. യാക്കോബ് ആദ്യ ജാതൻ ആയിരുന്നില്ലെങ്കിലും, അവനെ ദൈവം തന്റെ ഉടമ്പടിയുള്ള ജനത്തെ പണിയുവാൻ തിരഞ്ഞെടുത്തിരുന്നു (ഉല്പ 25:23).

**യാക്കോബിനു** 12 മക്കളുണ്ടായി, അവരിൽ ഒരാളായിരുന്നു യഹൂദാ. യഹൂദ രാജകീയ ഗോത്രമായിതീരുമെന്നു യാക്കോബ് പ്രവചിച്ചു: “യഹൂദാ, ഒരു ബാലസിംഹം ... അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദയിൽ നിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകുക യില്ല, ജാതികളുടെ അനുസരണം അവനോടു ആകും” (ഉല്പ 49:9, 10). ദാവീദു രാജാവും (1:6) അവന്റെ പിൻഗാമികളും, ചേർന്നുള്ളതാണ് രണ്ടാമത്തെ കൂട്ട മായ വംശാവലി (1:6–11), അവരെല്ലാം യഹൂദയുടെ പിൻഗാമികളായിരുന്നു. അവസാനം, യേശു ആണ് “ദാവീദിന്റെ വേരും, യഹൂദാ ഗോത്രത്തിൽ നി ന്നുള്ള ... സിംഹവും” (വെളി. 5:5).

**അവന്റെ സഹോദരന്മാരും** എന്ന പ്രയോഗം വംശാവലിയിൽ പ്രത്യക്ഷമായേക്കാം "12 പിതാക്കന്മാരേയും ചേർത്തു പറയുന്നത് ആചാരമായിരുന്നതിനാലും അല്ലെങ്കിൽ പന്ത്രണ്ടു ഗോത്രങ്ങളിൽ നിന്നുള്ള എല്ലാ പിൻഗാമികളും യിസ്രായേല്യർ ആയിരുന്നതിനാലും, എല്ലാവരും മശിഹയിൽ തുല്യ താൽപര്യം വെച്ചിരുന്നതിനാലും ആണ്."[9] മറ്റൊരു സാദ്ധ്യതയുള്ള വിശദീകരണം എന്തെന്നാൽ, ആ പ്രയോഗം "യഹൂദയുടെ രാജകീയ മുൻഗാമികളായ പലരേയും മാത്രം തിരഞ്ഞെടുത്തിരിക്കുന്നു എന്നതാണ് (ഉല്പ 49:10)."[10]

**വാക്യം. 3. താമാറിൽ ജനിച്ച പേരസിന്റേയും സേരഹിന്റേയും അപ്പനായിരുന്നു യഹൂദ.** പെരേസയുടേയും സേരയുടേയും പേരുകൾ പറയുവാനുള്ള കാരണം അവരുടെ ഗർഭധാരണം പ്രത്യേകതയുള്ളതിനാലായിരിക്കാം. ലേവ്യരുടെ ആചാരമനുസരിച്ച് യഹൂദ തന്റെ മരു-മകളായിരുന്ന താമാറിനോടു നല്ലരീതിയിൽ പെരുമാറാതിരുന്നതുകൊണ്ട്, അവൾ ഒരു വേശ്യയുടെ വസ്ത്രം ധരിച്ച് അവനെ വഴിതെറ്റിക്കുകയും അങ്ങനെ യഹൂദാ ഇരട്ട ആൺകുട്ടികളുടെ പിതാവായിതീരുകയും ചെയ്തു (ഉല്പ 38:1-30).

യേശുവിന്റെ വംശാവലിയിൽ പറഞ്ഞ അഞ്ച് സ്ത്രീകളിൽ ആദ്യത്തേതായിരുന്നു താമാർ. അവസാനത്തേത് മറിയയുമാണ് (1:3, 5, 6, 16).[11] ആദ്യ നാലു പേർ - താമാർ, രാഹാബ്, രൂത്ത്, ബെത്ശേബാ - ഇവരെല്ലാം പ്രത്യേക സാഹചര്യത്തിൽ പെടുന്നവരായിരുന്നു. ഹഫ്മാൻ എഴുതി, "ഓരോരുത്തർക്കും ചില പ്രത്യേകത അല്ലെങ്കിൽ അസാധാരണത്വം - അപകീർത്തിപരമായതോ - അവളുടെ പുരുഷ പങ്കാളിയുമായോ, ദൈവത്തിന്റെ പദ്ധതിയിൽ പ്രധാന പങ്കുണ്ടായിരുന്നു (ചിലർ സ്വയമായി മുന്നിട്ടിറങ്ങി സാഹസത്തിലുമായിട്ടുണ്ട്)."[12] "ഓരോ സംഭവത്തിലും അവരുടെ അപകീർത്തി പിന്നീട് നീങ്ങപ്പെട്ടു."[13]

മറിയ പിന്നീട് വഹിച്ച പങ്കിന്റെ പ്രത്യേകതയുടെ മുൻനിഴലായിരുന്നു ആ നാല് സ്ത്രീകളുമെന്നു പറയാം. പരീശ പാരമ്പര്യത്തെ മഹത്വപ്പെടുത്തുവാനും മശിഹയെ വിവരിക്കുവാനും അവർ വന്നതിനാൽ, യേശുവിന്റെ ജനനത്തിനു ചുറ്റുമുള്ള സാഹചര്യത്തെ എതിർത്തിരുന്ന പരീശന്മാരോട് വാദിക്കുവാൻ ഇവരെ മത്തായി എടുത്തു പറഞ്ഞിരിക്കാം.[14] ക്രിസ്തുവിന്റെ ദൗത്യം സകല ജാതികൾക്കുമുള്ളതാകയാലും ജാതികളായിരുന്ന ആ നാല് സ്ത്രീകളെയും ഉൾപ്പെടുത്തിയതാകാം.

**പെരെസ്,** ഇരട്ടകളിൽ ഒന്നാമത്തവൻ ആയിരുന്നു, അവനിൽകൂടെയാണ് ദാവീദിന്റെ വംശാവലി വരുന്നത് (രൂത്ത് 4:12, 18-22). അവൻ **ഹെസ്രോനെ** ജനിപ്പിച്ചു, മിസ്രയിമിലേക്കു പോയ യാക്കൊബിന്റെ പിൻഗാമികൾ അവനിൽനിന്നായിരുന്നു (ഉൽപ. 46:8, 12). അവന്റെ മകൻ **ആരാം** മിസ്രയിമിലായിരുന്നു.

**വാക്യം 4.** മിക്കവാറും **ആരാമിനും അമിനാദാബിനും** ഇടക്ക് പല തലമുറകൾ കടന്നുപോയിരിക്കാം, അത് യിസ്രായേലിന്റെ 430 വർഷത്തെ മിസ്രയിം വാസത്തെ ബോധ്യമാക്കുന്നു (പുറ. 12:40, 41). ലൂക്കൊസ് തന്റെ വംശാവലിയിൽ "അമിനാദാബിനെ" ഉൾപ്പെടുത്തിയിരിക്കയാൽ ചുരുങ്ങിയത് ഒരു തലമുറയെ കൂടെ കാണിച്ചിരിക്കുന്നു (ലൂക്കൊ. 3:33). അമിനാദാബ് അഹരോന്റെ അമ്മായി-യപ്പനാ-യിരുന്നു (പുറ. 6:23), അവൻ യിസ്രായേലിന്റെ മഹാപുരോഹിതനുമായിരുന്നു.

മിസ്രയിമിൽനിന്നു യിസ്രായേൽ പുറപ്പെടുന്ന സമയത്ത് യെഹൂദാ ഗോത്രത്തിന്റെ അദ്ധ്യക്ഷനായിരുന്നു അമിനാദാബിന്റെ മകൻ **നഹശോൻ** (സംഖ്യ. 2:3, 4). ആദ്യത്തെ ജനസംഖ്യാ കണക്കെടുപ്പിൽ അവനും ഉൾപ്പെ

ട്ടിരുന്നു (സംഖ്യാ. 1:7) പുതുതായി നിർമ്മിച്ച സമാഗമനകൂടാരത്തിലേക്ക് അവൻ വഴിപാടുകൾ കൊണ്ടുവന്നിരുന്നു (സംഖ്യാ. 7:12–17), മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞ തന്റെ ഗോത്രത്തെ അവൻ പുതിയ സ്ഥലത്തേക്ക് നയിച്ചിരുന്നു (സംഖ്യാ. 10:14).

നഹശോന്റെ മകൻ **ശൽമോൻ** യോശുവയുടെ കീഴിൽ കനാനിൽ വെച്ചുള്ള കീഴടക്കലിൽ സ്പഷ്ടമായും പോരാടിയിരുന്നു. 3 ഉം 4 ഉം വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന പല വ്യക്തികളെയുമെന്ന പോലെ അവനെ കുറിച്ചും അധികമൊന്നും പഴയനിയമത്തിലില്ല.

**വാക്യം 5. രാഹാബിൽ ശൽമോനു ജനിച്ച മകനായിരുന്നു ബോവസ്.** കീഴ്പ്പെടുത്തൽ സമയത്ത്, യെരിഹോവിലെ ഒരു വേശ്യയായിരുന്ന രാഹാബ്, യിസ്രായേല്യരായിരുന്ന രണ്ട് ഒറ്റുകാരെ തീർച്ചയായും പിടിക്കപ്പെട്ട് കൊല്ലുമെന്ന സ്ഥിതിയിൽ, ഒളിപ്പിച്ചു രക്ഷിച്ചു (യോശു. 2:1–7). അവൾ തന്റെ സ്വന്ത ജീവനെ സാഹസപ്പെടുത്തിയാണ് അവരെ രക്ഷിച്ചത്. യിസ്രായേൽ യെരീഹോ പിടിച്ചടക്കിയപ്പോൾ, അവൾക്ക് ദൈവത്തിലുണ്ടായിരുന്ന വിശ്വാസം നിമിത്തം അവർ അവളെയും അവളുടെ കുടുംബത്തെയും സംരക്ഷിക്കയായിരുന്നു (എബ്രാ. 11:31; യാക്കൊ. 2:25). അവൾ പിന്നീട് യിസ്രായേല്യനായിരുന്ന ശൽമോനെ വിവാഹം കഴിക്കയും, അവർക്ക് ജനിച്ച മകന് ബോവസ് എന്ന് പേരിടുകയും ചെയ്തു (രൂത്ത്. 4:20, 21).

**രൂത്തിൽ ഓബേദിനു ജനിച്ചവനായിരുന്നു ബോവസ്.** ആ മനോഹര സംഭവം രൂത്തിന്റെ പുസ്തകം വിവരിക്കുന്നു. ബേത്‌ലഹേമിലെ ഒരു പ്രമുഖ പൗരനായിരുന്ന ബോവസ്, സാധുവും ബന്ധുവുമായിരുന്ന രൂത്ത് എന്ന വിധവയെ വിവാഹം കഴിച്ചു. ബോവസിനെ വിവാഹാലോചന നടത്തുവാൻ വയലിലേക്ക് പോയി (രൂത്ത്. 3:6–14). അവൾ ഓബേദിനുജന്മം നൽകി ദാവീദിന്റെ വംശാവലി നിലനിർത്തി (രൂത്ത് 4:1–17). നാല് സ്ത്രീകളിൽ അവസാനമായിട്ടാണ് മറിയ വരുന്നത്. രൂത്ത് സദ്ഗുണസമ്പന്നയായ സ്ത്രീയായിരുന്നു. അവൾ വിഗ്രഹാരാധിയായിരുന്ന മോവാബ്യ സ്ത്രീ ആയിരുന്നുവെങ്കിലും (ആവർ. 23:3), “ഒരു ഉത്തമ സ്ത്രീ ആയിരുന്നു” (രൂത്ത്. 3:11).

**യിശ്ശായിയുടെ അപ്പൻ** [ആയിരുന്നു] **ഓബേദ്.** ഓബേദിനും യിശ്ശായിക്കും ഇടയിൽ പല തലമുറകൾ വിട്ടുകളഞ്ഞിരിക്കുന്നത് ന്യായാധിപ കാലഘട്ടത്തിലെ നൂറുകണക്കിനു വർഷങ്ങൾ പിന്നിട്ടതായി വിവരിക്കുന്നു (ന്യായാ. 11:26; 1 രാജാ. 6:1). യിശ്ശായിക്ക് എട്ട് ആൺമക്കളുണ്ടായിരുന്നു, ബേത്‌ലഹേമിൽ അവനു ആട്ടിൻകൂട്ടവുമുണ്ടായിരുന്നു (1 ശമു. 16:1–13; 17:12–18).

**വാക്യം 6.** യിശ്ശായിയുടെ ഇളയ മകൻ **ദാവീദിനെ** ദൈവം തിരഞ്ഞെടുക്കുകയും ശമുവേൽ പ്രവാചകൻ അവനെ അഭിഷേകം ചെയ്യുകയും ചെയ്തു (1 ശമു. 16:11–13). വംശാവലിയിൽ, അടുത്ത സംഘത്തിൽ രാജാക്കന്മാരുണ്ടെങ്കിലും, ദാവീദിനെ മാത്രമാണ് **രാജാവായി** തിരിച്ചറിയിക്കുന്നത് (1:6–11). ദാവീദ് രാജാവും മശിഹയും തമ്മിൽ ശക്തമായ ഒരു ബന്ധം ഉള്ളതായി (1:16, 17), ആമുഖ പ്രസ്താവനയിലെ സാഹിത്യഘടന സൂചിപ്പിക്കുന്നു (1:1). അതുകൊണ്ട്, ദാവീദ് യേശുവിനു “മുൻനിഴലായി അറിയപ്പെടുന്നു.”[15]

## ദാവീദിൽ കൂടെയുള്ള രാജാക്കന്മാർ (1:6-11)

**6ദാവീദ് ഊരിയാവിന്റെ ഭാര്യയായിരുന്നവളിൽ ശലോമോനെ ജനിപ്പിച്ചു.**

**[7]ശലോമോൻ രെഹബ്യാമെ ജനിപ്പിച്ചു. രെഹബ്യാം അബീയാവെ ജനിപ്പിച്ചു, അബീയാവ് ആസയെ ജനിപ്പിച്ചു, [8]ആസാ യോശാഫാത്തിനെ ജനിപ്പിച്ചു, യോശാഫാത്ത് യോരാമിനെ ജനിപ്പിച്ചു. യോരാം ഉസ്സീയാവെ ജനിപ്പിച്ചു, [9]ഉസ്സീയാവ് യോഥാമിനെ ജനിപ്പിച്ചു, യോഥാം ആഹാസിനെ ജനിപ്പിച്ചു, ആഹാസ് ഹിസ്ക്കിയാവെ ജനിപ്പിച്ചു, [10]ഹിസ്ക്കിയാവ് മനശ്ശെയെ ജനിപ്പിച്ചു, മനശ്ശെ ആമോസിനെ ജനിപ്പിച്ചു, ആമോസ് യോശിയാവെ ജനിപ്പിച്ചു, [11]യോശിയാവ് യെഖൊന്യാവെയും അവന്റെ സഹോദരന്മാരെയും ബാബേൽ പ്രവാസകാലത്ത് ജനിപ്പിച്ചു."**

രണ്ടാം കൂട്ടത്തിലെ വംശാവലിയിലെ പേരുകൾ (1:6–11) ദാവീദിൽനിന്നു താഴോട്ടുള്ള രാജാക്കന്മാരെയാണ് പറയുന്നത്. ശലോമോനിൽ തുടങ്ങി യെഖൊന്യ വരെ "വാഴ്ച്ചയുടെ മഹത്വം കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്."[16]

**വാക്യം 6. ഊരിയാവിന്റെ ഭാര്യയായിരുന്നവളിൽ ദാവീദിനു ജനിച്ച മകനായിരുന്നു ശലോമോൻ**. ഗ്രീക്ക് വേദപുസ്തകം കൂടുതൽ അക്ഷരികമായി പറയുന്നു, "ഊരിയാവിനുള്ള [തിൽ] ദാവീദിനു ജനിച്ച മകൻ ആയിരുന്നു ശലോമോൻ." എൻഏഎസ്ബിയിൽ വ്യക്തതക്കായി ആ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു എങ്കിലും, ഗ്രീക്കിൽ അവിടെ "ബേത്ശേബ" എന്നോ "ഭാര്യ" എന്നോ ഉപയോഗിച്ചിട്ടില്ല. ബേത്ശേബയുമായുള്ള ദാവീദിന്റെ വ്യഭിചാരവും ഊരിയാവിനെ കൊല്ലിച്ചതും നാഥാൻ പ്രവാചകൻ പ്രവചിച്ചതും പരക്കെ അറിയപ്പെടുന്ന കാര്യമാണ് (2 ശമു. 11:1–12:15). ആ സംഭവം ദാവീദിനെ മാനസാന്തരത്തിലേക്ക് നയിച്ചു, അത് ആയിരിക്കാം അവൻ സങ്കീർത്തനങ്ങൾ 51–ൽ പ്രകടിപ്പിച്ചത്.

അവരുടെ ആദ്യമകൻ മരിച്ചു എങ്കിലും, ദാവീദിനും ബേത്ശേബക്കും രണ്ടാമതു ജനിച്ച മകനായിരുന്നു ശലോമോൻ (2 ശമു. 12:15–25). സിംഹാസനത്തിന് അവകാശികളാകുവാന്തക്കവണ്ണം ദാവീദിന് വേറെയും ഭാര്യമാരും മക്കളും ഉണ്ടായി. അതുകൊണ്ട്, ബേത്ശേബ മുന്നിട്ടിറങ്ങിയതു നിമിത്തവും നാഥാൻ പ്രവാചകൻ നിമിത്തവും ശലോമോൻ രാജാവായി തീർന്നു (1 രാജാ. 1:11–31). ബേത്ശേബ "ദാവീദിന്റെ സിംഹാസനത്തിലെ അമ്മയായി ദൈവകാരുണ്യ പ്രവൃത്തികൾ രഹസ്യമായി ചെയ്തു വന്നു"[17] എന്ന് ജെ. ഡബ്ലിയു. മെക്കാർവേ പറഞ്ഞു.

നാഥാൻ എന്ന മറ്റൊരു മകനും ദാവീദിന് ബേത്ശേബയിൽ ജനിച്ചു (2 ശമു. 5:14; 1 ദിന. 3:5). ശലോമോനു പകരം ഈ മനുഷ്യനെ ആണ് യേശുവിന്റെ പൈതൃകത്തിന്റെ വംശാവലിയിൽ ലൂക്കൊസ് ഉപയോഗിച്ചത് (ലൂക്കൊ. 3:31).

**വാക്യം 7. ശലോമോൻ** ആരംഭത്തിൽ "യഹോവയെ സ്നേഹിച്ചിരുന്നു" എന്നാൽ അവൻ "വിദേശികളായ ഭാര്യമാരെ സ്നേഹിച്ചതു നിമിത്തം അവൻ യഹോവയിൽനിന്നകന്നു" (1 രാജാ. 3:3; 11:1–13). ശലോമോന്റെ വിഗ്രഹാരാധനയുടെ ഫലമായി, യിസ്രായേൽ രാജ്യം ക്രമേണ വിഭജിക്കപ്പെട്ടു (1 രാജാ. 11:26–40). ശലോമോന്റെ മകൻ **രെഹബെയാം** തന്റെ അപ്പനേക്കാൾ കഠിനമായ ഭരണ രീതിയാണ് അവലംബിച്ചത്, തുടർന്നു വടക്കെ രാജ്യത്തിൽ യെരോബയാമിന്റെ നേതൃത്വത്തിൽ മൽസരം ആരംഭിച്ചു (1 രാജാ. 12:1–24). അതുകൊണ്ട്, വംശാവലിയിൽ പറഞ്ഞ രെഹബെയാം തുടങ്ങി താഴോട്ട് യെഖൊന്യ വരെയുള്ളവർ (1:7–11) തെക്കുള്ള യെഹൂദ്യയെയാണ് വാണിരുന്നത്.

രെഹബെയാം തന്റെ അപ്പനായ ശലോമോനെ പോലെ വിഗ്രഹാരാധനയാൽ സ്വാധീനിക്കപ്പെട്ടിരുന്നു. അവന്റെ ജനം ഉന്നത സ്ഥാനങ്ങളോടും, വിശുദ്ധ സ്തംഭങ്ങളോടും, അശേരാ തൂണുകളോടും, മതപരമായി പുരുഷ വ്യഭിചാര പരിശീലനങ്ങൾ നടത്തുന്നതിനോടും ചേർന്നിരുന്നു. "അമ്മോന്യ സ്ത്രീ ആയിരുന്ന നയമാ ആയിരുന്നു അവന്റെ അമ്മ" എന്ന പ്രസ്താവനയിൽ യെഹൂദാ രാജാവായിരുന്ന രെഹബയാമിന്റെ ദുഷിച്ച വാഴ്ച്ച വ്യക്തമാക്കുന്നു (1 രാജാ. 14:21–31).

രെഹബയാമിനെ പിൻപറ്റി അവന്റെ മകനായ അബിയാവ് ഏതാനും വർഷങ്ങൾ മാത്രമെ വാണിരുന്നുള്ളു (1 രാജാ. 15:1–8). അതിനു വിപരീതമായി അവന്റെ മകൻ ആസാ ദൈവദൃഷ്ടിയിൽ നേരുള്ളത് പ്രവർത്തിക്കുകയും, ദേശത്തു നിന്നു നീക്കാവുന്ന വിഗ്രഹങ്ങളും പുരുഷ വ്യഭിചാരവും നീക്കം ചെയ്തു. വിഗ്രഹാരാധന മൂലം അമ്മയെ പോലും (വെല്യമ്മ ആയിരിക്കാം) രാജ്ഞി എന്ന സ്ഥാനത്തു നിന്നു നീക്കി കളഞ്ഞു (1 രാജാ. 15:9–15).

**വാക്യം 8**. ആസയുടെ മകൻ **യെഹോശാഫാത്തും** അപ്പനെ പിന്തുടർന്നു, ഒരു നല്ല രാജാവായിരുന്നു. അവൻ യിസ്രായേലുമായി സമാധാനമുണ്ടാക്കി (1 രാജാ. 22:41–44). എങ്ങനെയായാലും, അപ്പോഴും ആളുകൾ ഉയർന്ന സ്ഥാനങ്ങളിൽ ആരാധിച്ചിരുന്നു.

യെഹോശാഫാത്തിന്റെ മകൻ **യോരാം** (യെഹോരാം) നീതിമാനായ ഒരു രാജാവായിരുന്നില്ല. അവൻ യിസ്രായേലിൽ വാണ ദുഷ്ട രാജാവായിരുന്ന ആഹാബിന്റെ മകൾ അഥല്യാവെ വിവാഹം കഴിക്കയായിരുന്നു (2 രാജാ. 8:16–19).

ഈ സമയത്ത് മത്തായിയുടെ വംശാവലിയിൽ ഒരു വിടവ് വരുന്നു (1:4, 5 നോക്കുക). **യോരാമിന്നും ഉസ്സിയാവിനും** (അസര്യാവ്[18]) ഇടക്ക് യെഹൂദ്യയിൽ പരമ്പരാഗതമായ മൂന്നു രാജാക്കന്മാരുണ്ടായിരുന്നു: അഹസ്യാവ്, യോശ് (യോവാശ്), അമസ്യാവ് എന്നിവരായിരുന്നു (1 ദിന. 3:11, 12; 2 രാജാ. 8:25–27; 12:1–21; 14:1–22). അവളുടെ മകൻ മരിച്ചപ്പോൾ, ദുഷ്ട സ്ത്രീയായിരുന്ന അഥല്യാ ദാവീദിന്റെ വംശത്തിൽനിന്നുള്ള രാജാവ് വരാതിരിക്കുവാൻ സിംഹാസനം പിടിച്ചടക്കി (2 രാജാക്കന്മാർ. 11). എങ്ങനെയായാലും, ബാലനായിരുന്ന യോവാശ് (അവളുടെ കൊച്ചുമകൻ) സംരക്ഷിക്കപ്പെടുകയും പിന്നീട് യെഹൂദ്യയുടെ രാജാവായി തീരുകയും ചെയ്തു. അവന്റെ വാഴ്ച്ചക്കാലത്തായിരുന്നു ദൈവാലയത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയത് (2 രാജാക്കന്മാർ 12). യോവാശും അവന്റെ മകൻ അമസ്യാവും നല്ല രാജാക്കന്മാരായി അറിയപ്പെട്ടിരുന്നു (2 രാജാക്കന്മാർ 12:2; 14:1–3).

**വാക്യം 9**. ഉസ്സിയാവും (അസര്യാവ്) അവന്റെ മകൻ യോഥാമും ക്രിയാത്മകമായി "യഹോവയുടെ ദൃഷ്ടിയിൽ നേരുള്ളവർ" ആയിരുന്നു (2 രാജാക്കന്മാർ 15:3, 34). എങ്ങനെയായാലും, യെഹൂദ്യയിലെ ആളുകൾ ഉയർന്ന സ്ഥലങ്ങളിൽ നമസ്ക്കരിക്കുകയും, അന്യദേവന്മാരെ ആരാധിക്കുകയും ചെയ്തിരുന്നു (2 രാജാക്കന്മാർ 15:4, 35). അതിലുപരിയായി, ഉസ്സിയാവിന്റെ ശാഠ്യം നിമിത്തം ദൈവം അവന്നു കുഷ്ഠരോഗം വരുത്തി: അവൻ ദൈവാലയത്തിൽ ധൂപം അർപ്പിക്കുവാൻ ശ്രമിച്ചു, അതു നിയമപരമായി പുരോഹിതന്മാർക്കു മാത്രമെ ചെയ്യുവാൻ അനുവാദമുണ്ടായിരുന്നുള്ളു (2 ദിന. 26:16–21).

യോഥാമിന്റെ മകൻ ആഹാസ് അന്യദേവന്മാരെ നമസ്ക്കരിക്കയും, തന്റെ മകനെ അഗ്നിപ്രവേശനം ചെയ്യിക്കയും ചെയ്തു – ദൈവമുൻപാകെ

മ്ലേഛമായ പ്രവൃത്തി (2 രാജാക്കന്മാർ 16:1–4)! ദമസ്ക്കൊസിൽ ക്ഷേത്രത്തിൽ അന്യദേവനു യാഗം അർപ്പിക്കുവാൻ ഒരു പുതിയ യാഗപീഠം പണിയുകയും ചെയ്തു. അതിലുപരിയായി അവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പകരം, അശൂര്യ രാജാവിനെ പ്രസാദിപ്പിക്കുവാനായിട്ടാണെന്നു തോന്നുന്നു ദൈവാലയത്തിനു ചില മാറ്റങ്ങളും വരുത്തി (2 രാജാക്കന്മാർ 16:10–20).

ആഹാസിന്റെ മകൻ ഹിസ്ക്കിയാവ്, ദൈവത്തോട് വിശ്വസ്തനായിരുന്നു, അവൻ ഉയർന്ന സ്ഥാനങ്ങളെ, വിശുദ്ധ തൂണുകളെ, അശേരാ സ്തംഭങ്ങളെ എല്ലാം നശിപ്പിച്ചു, കൂടാതെ വിഗ്രഹമായി ആരാധിച്ചിരുന്ന പിച്ചള സർപ്പത്തെയും നശിപ്പിച്ചു (2 രാജാക്കന്മാർ 18:1–8). അവൻ യെഹൂദ്യയെ ബി. സി. 722–ൽ വാണുകൊണ്ടിരുന്നപ്പോൾ, അശുര്യ യിസ്രായേലിനെ പ്രവാസികളാക്കി (2 രാജാക്കന്മാർ 18:9–12). ഉടനെ തന്നെ, ദൈവം അത്ഭുതകരമായി ഹിസ്ക്കിയാവിനെ വിടുവിച്ച്, 185,000 അശൂര്യരെ കൊന്നു യെരുശലേം പട്ടണത്തെ അതേ വിധിയിലാക്കുകയും ചെയ്തു (2 രാജാക്കന്മാർ 18:13–19:37). യെരുശലേമിൽ ഉപരോധത്തെ ചെറുക്കുവാനായി വെള്ളത്തിൽ തുരങ്കം ഉണ്ടാക്കിയതിന് ഓർമ്മിക്കപ്പെടുന്നവനാണ് ഹിസ്ക്കിയാവ് (2 രാജാക്കന്മാർ 20:20). ആ തുരങ്കം ഇന്നും കാണാം.

**വാക്യം 10**. വീണ്ടും ഉയർന്ന സ്ഥാനങ്ങളും, ബാലിന്നു യാഗപീഠം പണിയുകയും, അശേരാ പ്രതിഷ്ഠകൾ പണിയുകയും ചെയ്തതിനാൽ ഹിസ്കിയാവിന്റെ മകൻ **മനശ്ശെ** ദൈവ ദൃഷ്ടിയിൽ ദുഷ്ടത പ്രവൃത്തിച്ചു. അവൻ ദൈവാലയത്തിലെ മിന്നുന്ന ദേവന്മാരെ നമസ്ക്കരിക്കയും, തന്റെ മകനെ അഗ്നിപ്രവേശന ബലി അർപ്പിക്കയും ചെയ്തു (2 രാജാക്കന്മാർ 21:1–6). രാജാവിന്റേയും ജനത്തിന്റേയും ദുഷ്ടത നിറഞ്ഞ ജീവിതം നിമിത്തം ദൈവം യെഹൂദ്യയെ പ്രവാസത്തിലെക്ക് അയക്കുന്നു (2 രാജാക്കന്മാർ 21:10–16). മനശ്ശെയുടെ മകൻ **ആമോനും** മെച്ചമായിരുന്നില്ല; അവന്റെ ഭൃത്യന്മാർ അവനെതിരെ തിരിഞ്ഞു അവനെ കൊന്നുകളഞ്ഞു (2 രാജാക്കന്മാർ 21:19–24).

ആമോന്റെ മകൻ **യോശിയാവ്,** എട്ടു വയസായപ്പോൾ രാജാവായി, അവന്റെ മനോഭാവം മറ്റൊന്നായിരുന്നു. ദൈവാലയത്തിൽനിന്നു യഹോവയുടെ ന്യായപ്രമാണം കണ്ടെത്തിയപ്പോൾ, പുനരുത്ഥാന പ്രസ്ഥാനത്തിനായി അവൻ ശ്രമിച്ചു (2 രാജാക്കന്മാർ 22:1–23:25). അവൻ ന്യായപ്രമാണത്തെ ജനത്തിനു വായിച്ചുകേൾപ്പിക്കുകയും ദൈവവുമായുള്ള നിയമം പുതുക്കുകയും ചെയ്തു. അന്യദേവന്മാർക്കുള്ള പല വസ്തുക്കളും അവൻ നീക്കം ചെയ്തു (വിഗ്രഹങ്ങൾ, യാഗപീഠങ്ങൾ, തൂണുകൾ, സ്തംഭങ്ങൾ, പാത്രങ്ങൾ) മുതലായവ, (പുരോഹിതന്മാരെയും, പുരുഷവ്യാഭിചാരികളെയും, ആത്മിയമായ മാദ്ധ്യമങ്ങളെയും നീക്കം ചെയ്തു).

**വാക്യം 11. യോശിയാവിന്റെ** കാലത്ത് ക്രിയാത്മകമായ മാറ്റങ്ങൾ സംഭവിച്ചിട്ടും, യെഹൂദ്യയോടു ദൈവം തന്റെ ക്രോധം പ്രകടിപ്പിക്കുവാൻ തന്നെ തീരുമാനിച്ചു (2 രാജാക്കന്മാർ 23:26, 27). മത്തായി തന്റെ വംശാവലിയിൽ **യോശിയാവിന്റെ** മകൻ ഏലിയാക്കിമിനെ (യെഹോയിയാക്കിം) പറയാതെ ഒരു തലമുറയെ കൂടെ ഒഴിവാക്കി (2 രാജാക്കന്മാർ 23:34–24:6; 1 ദിന 3:15, 16).[19] **ബാബിലോനിലേക്ക് നാടുകടത്തപ്പെട്ടപ്പോൾ**, ഏലിയാക്കിമിന്റെ മകൻ യെഖൊന്യ (യെഹോയാക്കിൻ) ആയിരുന്നു വാണിരുന്നത്. ആ "നാടുകടത്തൽ" സംഭവിച്ചത് ബി. സി. 597–ൽ ആയിരുന്നു; ആ സമയത്ത് മിക്കവാറുമുള്ള രാജകിയ കുടുംബങ്ങളെല്ലാം ബാബേൽ പ്രവാസത്തിലേക്ക്

എടുക്കപ്പെട്ടിരുന്നു (2 രാജാക്കന്മാർ 24:8-16). **സഹോദരന്മാരും** എന്ന പ്രയോഗം അക്ഷരിക സഹോദരന്മാരെയാണ് സൂചിപ്പിക്കുന്നത് (1:2 നോക്കുക) അല്ലെങ്കിൽ, "അവന്റെ ഉദ്യോഗസ്ഥരോ ദേശത്തെ പ്രമാണിമാരോ ആകാം." (2 രാജാക്കന്മാർ 24:15).

ആ സമയത്ത്, യെഖൊന്യാവിന്റെ അമ്മാവനായിരുന്ന മഥന്യാവിന്റെ പേർ നെബൂഖെദ്നേസർ സിദെക്കിയാവെന്ന് മാറ്റി, യെഹൂദ്യാ സിംഹാസനത്തിലിരുത്തി. നെബൂഖെദ്നേസർ അവസാനം ബി. സി. 586-ൽ യെരുശലേമിനെയും അതിലെ ദൈവാലയത്തെയും നശിപ്പിക്കുന്നതുവരെ അവൻ പതിനൊന്നു സംവൽസരം യെഹൂദ്യ വാണു. സിദെക്കിയാവ് തന്റെ കൺമുന്നിൽ വെച്ച് തന്റെ മക്കളെ കൊല്ലുന്നത് കണ്ടുനിന്നു; പിന്നെ അവന്റെ കണ്ണുകൾ ചൂഴ്ന്ന് എടുത്തുകളഞ്ഞു. സിദെക്കിയാവിനെയും ശേഷിച്ച മിക്ക ജനത്തെയും ബാബേലിലേക്ക് പ്രവാസികളായി കൊണ്ടുപോയി (2 രാജാക്കന്മാർ 24:17-25:21).[20] മത്തായിയുടെ വംശാവലിയിൽ അവനെ ഉൾപ്പെടുത്തിയിട്ടില്ല കാരണം അവൻ ക്രിസ്തുവിന്റെ വംശാവലിയിൽ നേരിട്ടു വരുന്നില്ല.

## ദാവീദിന്റെ അവകാശികൾ (1:12-16)

**12ബാബേൽ പ്രവാസം കഴിഞ്ഞിട്ടു യെഖൊന്യാവ് ശെയത്തീയേലിനെ ജനിപ്പിച്ചു. ശെയെൽത്തീയേൽ സെരുബ്ബാബേലിനെ ജനിപ്പിച്ചു. 13സെരുബ്ബാബേൽ അബീഹൂമിനെ ജനിപ്പിച്ചു. അബീഹൂദ് ഏല്യാക്കിനെ ജനിപ്പിച്ചു. ഏല്യാക്കിം ആസോരിനെ ജനിപ്പിച്ചു. 14ആസോർ സാദോക്കിനെ ജനിപ്പിച്ചു. സാദോക്ക് ആയീരിനെ ജനിപ്പിച്ചു. ആയീം ഏലിഹൂവിനെ ജനിപ്പിച്ചു. 15ഏലീഹൂദ് ഏല്യാസരെ ജനിപ്പിച്ചു. ഏലീയാസർ മത്ഥാനെ ജനിപ്പിച്ചു. മത്ഥാൻ യാക്കോബിനെ ജനിപ്പിച്ചു. 16യാക്കോബ് മറിയയുടെ ഭർത്താവായ യോസേഫിനെ ജനിപ്പിച്ചു. അവളിൽനിന്നു ക്രിസ്തു എന്നു പേരുള്ള യേശു ജനിച്ചു.**

വംശാവലിയുടെ ഈ മൂന്നാമത്തെ ഭാഗത്ത് (1:12-16) യെരൂശലേമിലെ സിംഹാസനത്തിൽ വാഴാതിരുന്ന ദാവീദിന്റെ അവകാശികളെയാണ് പറയുന്നത്. ഏതാണ്ട് അറുനൂറു വർഷക്കാലമെടുത്ത് യേശു മശിഹായുടെ ജനനത്തിന്റെ ഉച്ചസ്ഥായിയിലേക്ക് വരുന്നു.

**വാക്യം 12**. വംശാവലിയുടെ ഒന്നാം ഭാഗത്തിൽനിന്നു രണ്ടാം ഭാഗത്തിലേക്ക് മാറുമ്പോൾ "ദാവീദിനെ" എടുത്തു പറഞ്ഞാണ് ആരംഭിക്കുന്നത്. (1:6) രണ്ടാമത്തെ ഭാഗത്തുനിന്നു മൂന്നാമത്തേതിലേക്ക് മാറുമ്പോൾ **യെഖൊന്യാവിനെയും ബാബിലോണിലേക്കുള്ള നാടുകടത്തലും** ഉപയോഗിച്ചിരിക്കുന്നു (1:11, 12; 1:17 ലെ പരാമർശവും നോക്കുക). ഇവിടെ പറയുന്ന കാലം, "പ്രവാസം ആരംഭിച്ചതിനു ശേഷമുള്ള കാലമാണ്, അല്ലാതെ പ്രവാസം കഴിഞ്ഞ ശേഷമുള്ളതല്ല."[21]

ക്രിസ്തുവിന്റെ വംശാവലിയിൽ മത്തായി യെഖൊന്യാവിനെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ശ്രദ്ധിക്കേണ്ടതാണ്, കാരണം ദൈവം യിരെമ്യാ പ്രവാചകൻ മുഖാന്തരം പറഞ്ഞു, "യഹോവയുടെ വചനം കേൾക്ക, ഈ ആളെ മക്കളില്ലാത്തവൻ എന്നും ആയുഷ്ക്കാലത്ത് ഒരിക്കലും ശുഭം വരാത്തവൻ എന്നും എഴുതുവിൻ; ഇനി ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്ന് യെഹൂദയിൽ വാഴുവാൻ അവന്റെ സന്തതിയിൽ യാതൊരുത്തനും ശുഭം വരികയില്ല

എന്നു യഹോവ അരുളിച്ചെയ്യുന്നു" (യിരെ. 22:30). മെക്കാർവേ പറഞ്ഞു, "സിംഹാസനത്തിലിരിക്കുവാൻ പിൻഗാമിയില്ലാത്ത വിധം അവൻ മക്കളില്ലാത്തവൻ ആകും."[22]

ആ പ്രസ്താവന എടുത്താൽ, യേശു യെരുശലേമിൽ ഭൗതികമായ വാഴ്ച്ച നടത്തുകയില്ല എന്നു നമുക്ക് ഉറപ്പിക്കാം. അവൻ ഇന്നു ദാവീദിന്റെ സിംഹാസനത്തിലിരുന്നു വാഴുന്നത് സ്വർഗത്തിലിരുന്നു ആത്മിയമായിട്ടാണ് (പ്രവൃത്തികൾ 2:29-36). അവന്റെ രാജ്യം/സഭ ലോകത്തിൽ വന്ന പെന്തെകൊസ്തു നാൾ മുതൽ അവൻ വാണുകൊണ്ടിരിക്കുകയാണ്. യേശു ആകാശമേഘത്തിൽ വീണ്ടും വരുമ്പോൾ അവൻ തന്റെ രാജ്യം പിതാവായ ദൈവത്തിന് ഏൽപിച്ചുകൊടുക്കും (1 കൊരി. 15:23-26; 1 തെസ. 4:16, 17).

യെഖൊന്യയുടെ ("തടവുകാരൻ") ഏഴു പുത്രന്മാരെ പഴയനിയമ വംശാവലി രേഖയിൽ കാണാം. **ശെൽത്തിയേൽ** ലിസ്റ്റിൽ ഏറ്റവും മുകളിലാണ് വരുന്നത് (1 ദിന. 3:17, 18)[23] മസോറിക് പുസ്തകത്തിൽ (എംടി) **സെരുബ്ബാബേലിന്റെ അപ്പൻ "പെദയ്യാ"** എന്നു പറഞ്ഞിരിക്കുന്നു (1 ദിന. 3:19), എന്നാൽ സെപ്റ്റ്വജിന്റിൽ "ശെൽത്തിയേൽ" എന്നാണ്. മറ്റു വേദഭാഗങ്ങളുമായി യോജിക്കുന്നത് രണ്ടാമതു പറഞ്ഞതാണ് (എസ്രാ 3:2, 8; നെഹ. 12:1; ഹഗാ. 1:12, 14; 2:2, 23). "ഈ പാരമ്പര്യങ്ങളെ യോജിപ്പിക്കുന്ന പല നിർദ്ദേശങ്ങളും പുരോഗമിച്ചിട്ടുണ്ട്; അവയെല്ലാം സൂചിപ്പിക്കുന്നത്, സെരുബ്ബാബേൽ പെദയ്യായുടെ അക്ഷരിക മകനാണെന്നും, ശെൽത്തിയേൽ വരുന്നതു നിയപരമായ വിവാഹത്തിൽ കൂടെയാണെന്നുമാണ് (ആവ. 25:5-10)."[24] ലൂക്കൊസിന്റെ സുവിശേഷത്തിൽ ശെൽത്തിയേലിനേയും സെരുബ്ബാബേലിനെയും വീണ്ടും ബന്ധിപ്പിച്ചുകൊണ്ടാണ് പറയുന്നത് (ലൂക്കൊ. 3:27, 31).

ബി. സി. 538-ൽ പാർസി രാജാവായിരുന്ന കോരശിന്റെ കൽപന പ്രകാരം പ്രവാസത്തിൽനിന്നു യെരുശലേമിലേക്ക് മടങ്ങിവന്നവരിൽ ഉൾപ്പെട്ടവനായിരുന്നു സെരുബ്ബാബേൽ (എസ്രാ 1:1-2:2). മടങ്ങി വന്ന യെഹൂദന്മാരുടെ നായകനായിരുന്ന അവനെ, "യെഹൂദാ പ്രഭൂവായ ശേശ്ബസർ" എന്നും വിളിച്ചിരുന്നു (എസ്രാ 1:8) എന്നു പാരമ്പര്യം പറയുന്നു. എങ്ങനെയായാലും, സെരുബ്ബാബേലും ശേശ്ബസറും രണ്ടു വ്യക്തികളായിരുന്നു. സെരുബാബേൽ "യെഹൂദ്യയിലെ രണ്ടാമത്തെ നാടുവാഴിയായിരുന്നു" (ഹഗാ. 2:21). സെരുബാബേലിനെ ദൈവം "മുദ്രമോതിരം" (ഹഗാ. 2:23) ആക്കുമെന്നു പറഞ്ഞത്, രാജകീമയായ അധികാരത്തെ സൂചിപ്പിക്കുന്നു. ഒരു പക്ഷെ ദാവീദിന്റെ വംശാവലിയിൽകൂടെ വരുന്ന മശിഹാക്ക് ഊന്നൽ കൊടുത്തിരിക്കുന്നതാകാം.[25]

**വാക്യങ്ങൾ 13-15. സെരുബാബേലിനു** ശേഷം, ഉദ്ദേശം അഞ്ഞൂറ്-വർഷകാലയളവിനെ ഒൻപത്പേരെ പറഞ്ഞുകൊണ്ട് വ്യക്തമാക്കിയിരിക്കുന്നു. **അബൂഹൂദ്, ഏലിയാക്കീം, ആസോർ, സാദോക്ക്, ആഖിം, ഏലിയൂദ്, എലയാസർ, മത്ഥാൻ, യാക്കോബ്**. അതുകൊണ്ട്, എല്ലാ തലമുറയേയും പ്രതിനിധീകരിച്ചു എന്നത് സംശയാസ്പദമാണ്. ഈ പുരുഷന്മാരുടെ പേരുകൾ പഴയനിയമ വംശാവലിയിൽ ഇല്ല. കാരണം, അവർ മിക്കപേരും രണ്ടു നിയമങ്ങൾക്കുമിടയിൽ ജീവിച്ചവരായിരുന്നു. മത്തായിക്ക് ഈ വംശാവലി കിട്ടിയത് മറ്റൊരു ഉറവിടത്തിൽ നിന്നായിരിക്കാം. യഹൂദ ചരിത്രകാരനായിരുന്ന ജോസെഫസ്, പൗരോഹിത്യ കുടുംബത്തിൽനിന്നുള്ളവനായിരുന്നു, തന്റെ വംശാവലി സ്ഥിരീകരിച്ചുകൊണ്ട് "പൊതുവായ രേഖകളിൽ വിവരിച്ചതനുസരിച്ച്" ആണ് തന്റെ ആത്മകഥ തയ്യാറാക്കിയത്[26] ദാവീദു രാജാവിന്റെ

വംശാവലിയിൽ യഹൂദ ജനത്തിന് പ്രത്യേക താൽപര്യമുണ്ടായിരുന്നു. യേശുവിന്റെ കുടുംബത്തിൽ നിന്നോ അല്ലെങ്കിൽ പൊതു വിവരണ രേഖകളിൽ നിന്നോ ആയിരിക്കാം മത്തായിക്ക് ഈ വിവരങ്ങൾ ലഭിച്ചത്. തീർച്ചയായും ജനസംഖ്യാ കണക്ക് കൊടുക്കുവാൻ ദാവീദിന്റെ പട്ടണമായ ബേത്ലഹേമിലേക്ക് യോസേഫ് മറിയയെ കൊണ്ടുപോയപ്പോൾ അവന് തന്റെ വംശാവലി അറിയാമായിരുന്നു (ലൂക്കോ 2:1–7).

**വാക്യം 16**. മത്തായിയുടെ സുവിശേഷത്തിലെ വംശാവലി, യേശുവിന്റെ വളർത്തപ്പനായ **യോസേഫിനെ യാക്കോബ്** എന്ന് പേരുള്ളവന്റെ മകൻ എന്നാണ് പറഞ്ഞത്. ലൂക്കോസിന്റെ സുവിശേഷത്തിൽ യോസേഫിനെ ഏലി (ഹേലി) യുടെ മകൻ എന്നാണ് പറഞ്ഞിരിക്കുന്നത് (ലൂക്കോ 3:23). ഈ പോരുത്തമില്ലായ്മ എങ്ങനെയാണ് യോജിക്കുക? മത്തായിയുടെ വംശാവലിയിൽ, പല തലമുറകളേയും വിട്ട് കളഞ്ഞിരിക്കുന്നതായി മനസിലാക്കിയിട്ടുണ്ട്, അതായിരിക്കാം വ്യത്യാസത്തിനു കാരണം. മറ്റൊരു സാധ്യതയെന്തെന്നാൽ യോസേഫ് വാസ്തവത്തിൽ യാക്കോബിന്റെ മകനും മറിയയുടെ അപ്പനായ ഹേലിയുടെ മരു–മകനും–ആയിരുന്നു. അത് രണ്ട് വംശാവലികൾ തമ്മിലുള്ള വ്യത്യാസത്തെ വിവരിക്കുന്നതാണ്. കൂടാതെ, ഈ വംശാവലികളെ വിശ്വസിക്കത്തക്ക രീതിയിൽ യോജിപ്പിക്കുന്നതുമാണ്.[27] രണ്ടു രീതിയിലായാലും, യോസേഫും മറിയയും ദാവീദിന്റെ വംശാവലിയിൽ നിന്നാണ് വന്നത്.

യോസേഫ് "യേശുവിന്റെ അപ്പൻ" ആയിരുന്നു എന്ന് പറയാ*തിരിക്കു*വാൻ മത്തായി പ്രത്യേകം ശ്രദ്ധിച്ചു. അവൻ ഊന്നൽ കൊടുത്തത് യോസേഫ് **മറിയയുടെ ഭർത്താവായിരുന്നു** എന്നതിനാണ്, മറിയയെ **യേശുവിന്റെ** അമ്മയായി പറയുന്നുണ്ട്. കന്യക മറിയാമിൽകൂടെയുള്ള അത്ഭുത ജനനത്തെ എടുത്തുകാണിക്കുന്നതാണ് ഈ ഭാഷാ പ്രയോഗം (1:18–25).

യേശുവിനെ **മശിഹാ** അല്ലെങ്കിൽ "ക്രിസ്തു" എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഭാഗത്ത് ദാവീദിന്റെ അവകാശികൾ (1:12–16) രാജാവായി വാഴുന്നില്ലെങ്കിലും, യേശു രാജാവായി വാഴുന്നു. ദാവീദിന്റെ സിംഹാസനത്തിലെ അവന്റെ ഭരണം, എങ്ങനെയായാലും ആത്മീയമാണ്. ഒരിക്കലും നശിക്കാത്ത നിത്യരാജ്യത്തെയാണ് അവൻ സ്വർഗ്ഗത്തിൽ വാഴുന്നത് (പ്രവൃത്തികൾ 2:29–36; ദാനി 2:44; 7:13, 14).

## സംക്ഷിപ്തം (1:17)

**17ഇങ്ങനെ തലമുറകൾ ആകെ അബ്രഹാം മുതൽ ദാവീദ്‌വരെ പതിന്നാലും ദാവീദ് മുതൽ ബാബേൽ പ്രവാസത്തോളം പതിന്നാലും ബാബേൽപ്രവാസം മുതൽ ക്രിസ്തുവിനോളം പതിന്നാലും ആകുന്നു.**

**വാക്യം 17**. വംശാവലിയുടെ ചുരുക്കമാണ് ഈ വാക്യം. വാക്യം 1ന്റെ പ്രതിബിംബമായി, ഇവിടെ കാണാം. വാക്യം 1–ൽ പറഞ്ഞിരിക്കുന്ന പേരുകളുടെ ക്രമം ("യേശുമശിഹാ," "ദാവീദ്," "അബ്രഹാം") വാക്യം 17–ൽ തലതിരിഞ്ഞ ക്രമത്തിലാണ് കൊടുത്തിരിക്കുന്നത് ("അബ്രഹാം," "ദാവീദ്," "മശിഹാ"). അതുകൂടാതെ, വംശാവലിയെ മൂന്നു ഭാഗങ്ങളായി തിരിച്ച്, ഓരോന്നിലും **പതിനാല് തലമുറകളും** ഉൾപ്പെടുത്തി:

1. **അബ്രഹാം മുതൽ ദാവീദ് വരെ** (1:2–6);
2. **ദാവീദ് മുതൽ ബാബേൽ പ്രവാസം വരെ** (1:6–11);
3. **ബാബേൽ പ്രവാസം മുതൽ മശിഹാവരെ** (1:12–16).

ജാക് പി, ലൂയിസ്. മറ്റു പണ്ഡിതന്മാരോടൊപ്പം പറഞ്ഞിരിക്കുന്നത്, "ഇത് മനപ്പാഠമാക്കുവാൻ"[28] എളുപ്പം എന്നാണ്. കൂടാതെ യഹൂദ ചരിത്രത്തിന്റെ മൂന്നു കാലയളവിനെ ചുരുക്കി പറഞ്ഞിരിക്കയുമാണ്.

ദാവീദിന്റെ പേരിനു തുല്യമായ സംഖ്യക്ക് ചിലർ പ്രാധാന്യം കൊടുത്തിരിക്കുന്നതു കാണാം (എബ്രായ സ്വരൈക്യങ്ങളോടു കൂടി അതിനെ ലിപിമാറ്റി "ഡിഡബ്ലിയുഡി") എന്ന് പതിനാലു പ്രാവശ്യം പറഞ്ഞിരിക്കുന്നു. ("ഡി" എന്നത് അക്ഷരമാലയിലെ നാലാമത്തെ അക്ഷരവും "ഡബ്ലിയു" എന്നത് ആറാമത്തെ അക്ഷരവുമാണ്: 4+6+4=14.) ഈ വീക്ഷണത്തെ ലൂയിസ് പറഞ്ഞത് "തെളിയിക്കുവാനോ അല്ലെങ്കിൽ നിരാകരിക്കുവാനോ കഴിയുന്ന അനുമാനമായി സ്വീകരിച്ചിരിക്കുന്നു" എന്നാണ്.[29]

മൂന്നുകൂട്ടം വംശാവലിയും യോജിപ്പിച്ചിരിക്കുന്നത്, ഓരോന്നിലും പതിന്നാല് തലമുറകളായിട്ടാണ്, ക്രിസ്തുവിന്റെ വരവോടുകൂടി അത് പൂർണമാകുന്നതായും കാണിക്കുന്നു (ഗലാ 4:4). എങ്ങനെയായാലും, അവസാന ഭാഗത്തെ എണ്ണുന്നത് പ്രയാസമുള്ള കാര്യമാണ് (1:12–16). അതിൽ പതിനാലു പേരുകൾക്കു പകരം പതിമൂന്നു പേരുകൾ മാത്രമാണ് ഉള്ളത്. ഈ ബുദ്ധിമുട്ട് പരിഹരിക്കുവാൻ പല നിർദ്ദേശങ്ങളും മുന്നോട്ടു വെച്ചിട്ടുണ്ട്, എന്നാൽ അവയിൽ ഒന്നും പീർണ്ണമായി തൃപ്തിപ്പെടുത്തുന്നില്ല.

ഒരു പരിഹാരം യെഖോന്യയിൽ ന്നിന്നു എണ്ണുന്നതാണ്, അവനിൽനിന്നാണ് രണ്ടാമത്തെ ഭാഗം തുടങ്ങുന്നത് (1:11, 12). എന്നിരുന്നാലും ദാവീദിനെ ഒന്നാമത്തെ ഭാഗത്തുനിന്നും രണ്ടാമത്തെ ഭാഗത്തേക്ക് കടക്കുമ്പോഴും പറഞ്ഞിരിക്കുന്നു (1:6) അവനെ രണ്ടാം പ്രാവവശ്യം എണ്ണിയിട്ടില്ല.

പതിനാലു തലമുറയിൽ എത്തുവാനായി മറിയയേയും എണ്ണിയിരിക്കുന്നു എന്നതാണ് മറ്റൊരു പരിഹാരസാധ്യത. എങ്ങനെയായാലും മറ്റു സ്ത്രീകളെ ആരേയും വംശാവലിയിൽ എണ്ണിയിട്ടില്ല. യോസേഫ് മറ്റൊരു തലമുറയിലും മറിയ വേറൊരു തലമുറയിലും ഉൾപ്പെട്ടിരുന്നവർ തമ്മിൽ വിവാഹിതരായിരിക്കുന്നു എന്നത് അവിശ്വസനീയമായി തോന്നാം.

രണ്ടാമത്തെ ഭാഗത്ത് പറഞ്ഞിരിക്കുന്ന എക്കൊന്യാവിനെ "യെഹോയിയാക്കീം എന്നു വായിക്കണം (അല്ലെങ്കിൽ ഒരു പക്ഷെ "എലിയാക്കീം" എന്നാക്കണം; 2 രാജാക്കന്മാർ 23:34–24:6), അങ്ങനെ യഹോന്യയുടെ പേർ മൂന്നാമത്തെ കൂട്ടത്തിൽ എണ്ണി പതിനാല് തലമുറയാക്കണം.[30] എങ്കിലും, രണ്ടു വ്യത്യസ്ത പേരുകളുടെ വേദഭാഗതെളിവുകൾ അവ്യക്തമാണ്. കൂടാതെ, ഈ നിർദ്ദേശം സ്വീകരിച്ചാൽ ഓരോ പുരുഷന്റേയും പേർ വംശാവലിയിൽ ആവർത്തിക്കുന്നത് ചേരാതെ ഇരിക്കും.

## പാഠങ്ങൾ

### ഉപയോഗമില്ലാത്ത വാക്യങ്ങൾ (1:1-17)

ബൈബിൾ വിദ്യാർത്ഥികൾ പലതും മത്തായി 1:1–17ലെ വംശാവലി വെറുതെ വായിച്ചു വിട്ടു കളയും. എങ്ങനെയായാലും, ആ ലിസ്റ്റിലെ ആളു

കളിൽ ചിലർ പ്രാധാന്യമർഹിക്കാത്തവരായിരുന്നു, പലപ്പോഴും അവരുടെ പേരുകൾ ഉച്ചരിക്കുവാൻ തന്നെ പ്രയാസമുള്ളതായിരുന്നു. അതുപോലെ, വംശാവലിയിൽ ഇന്ന് നമുക്കു ചില പാഠങ്ങളും ഉണ്ട്.

1. ദൈവം തന്റെ വാഗ്ദാനങ്ങൾ ആവന്റെ സമയത്ത് നിറവേറ്റും.
2. തന്റെ ജനം തന്നോട് മൽസരിച്ചാൽ ദൈവം അവരെ ശിക്ഷിക്കും.
3. തന്റെ ഇഷ്ടം നിറവേറ്റുവാൻ ദൈവം പാപികളേയും ഉപയോഗിക്കും.
4. ഒരാളുടെ മാതാപിതാക്കളുടെ പാപം ദൈവം അയാളിൽ കണക്കിടു കയില്ല.
5. ദൈവം യിസ്രായേലിനെ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെ യ്തത് ക്രിസ്തുവിനെ അവരിൽകൂടെ ലോകത്തിലേക്കയക്കുവാനാ യിരുന്നു.[31]

**യേശുവിന്റെ വംശാവലിയിലെ സ്ത്രീകൾ (1:1-17)**

ക്രിസ്തുവിന്റെ വംശാവലിയിൽ പറഞ്ഞ അഞ്ചു സ്ത്രീകളേയും ഉൾപ്പെടുത്തി ഒരു പ്രസംഗം തയ്യാറാക്കാം:

1. താമാർ - ഒരു പരിഹാസ പാത്രമായ സ്ത്രീ (1:3; ഉല്പ. 38:6–30);
2. രാഹാബ് - വിശ്വാസിയായിതീർന്ന വേശ്യ (1:5; യോശുവ 2:1–21);
3. രൂത്ത് - ഒരു വിശ്വസ്തയായ മരു - മകൾ (1:5; രൂത്ത് 1–4);
4. ബെത്ശേബ - അവിശ്വസ്തയായ ഒരു ഭാര്യ (1:6; 2 ശമു 11; 12);
5. മറിയ - ദൈവം തന്റെ പുത്രനായി തിരഞ്ഞെടുത്ത അമ്മ (1:16; 1:18–25; 12:46–50; ലൂക്കൊ 1:26–56; 2:1–52; യോഹ 2:1–11; 19:25–27).[32]

---

കുറിപ്പുകൾ

[1]ഡഗ്ലസ് എസ്സ്. ഹഫ്മാൻ, ''ജീനിയോളജി,'' ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ്സ് ആന്റ് ദ ഗോസ്പൽസ്, എഡി. ജോയൽ ബി. ഗ്രീൻ ആന്റ്സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്സ്, 1992), 255. [2]മെക്രോബിയസ് *സേറ്റർനാലിയ* 2.4.11. [3]യൂസേബിയസ് *എക്ലേഷിയാസ്റ്റിക്കൽ ഹിസ്റ്ററി* 1.7.13. [4]ഈ കാഴ്ച്ചപ്പാടിലുള്ള ബുദ്ധിമുട്ടെന്തെന്നാൽ യോസേഫിന്റെ പേർ രണ്ടു വിവരണങ്ങളിലും ഉള്ളപ്പോൾ, മറിയയുടെ പേർ ലൂക്കൊസിന്റെ സുവിശേഷത്തിൽ പോലും പറയുന്നില്ല. [5]ജാക്ക് പി. ലൂയിസ്, *ദ ഗോസ്പ്പൽ എക്കോഡിങ് റ്റു മാത്യു,* പാർട്ട് 1, ദ ലിവിങ് വേഡ് കമന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 35. [6]ഡോണാൾഡ് എ ഹാഗ്നർ, *മാത്യു 1–13*, വേൾഡ് ബിബ്ലിക്കൽ കമന്ററി, വാല്യം 33 എ (ഡള്ളാസ്: വേഡ് ബുക്സ്, 1993) 9. [7] ഡെഗ്ലസ്സ് ആർ. എ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ് വില്ലേ: ജോൺ നോക്സ് പ്രസ്സ്, 1993), 6. [8]ലിയോൺ മോറിസ്, *ദ ഗോസ്പൽ എക്കോഡിങ് റ്റു മാത്യു*, പില്ലർ കമന്ററി (ഗ്രാന്റ് റാപ്പിട്സ് മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992),20. [9]ഹഫ്മാൻ, 255. [10]ഡേവിഡ് ഹിൽ, *ദ ഗോസ്പൽ ഓഫ് മാത്യു*, ദ ന്യൂ സെഞ്ചുറി ബൈബിൾ കമന്ററി (ഗ്രാന്റ് റാപ്പിട്സ് മൈക്ക്.: ഡബ്ലിയുഎം, ബി. എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1972), 75.

[11]പല വംശാവലികളിലും പുരുഷന്മാരുടെ പേർ മാത്രമാണുള്ളത്. എങ്ങനെയായാലും,പഴയ നിയമത്തിലെ വംശാവലികളിൽ സ്ത്രീകളേയും ഉൾപ്പെടുത്തിയിരുന്നു. (ഉല്പ 22:20–24; 25:1–6; 36:1–14; 1 ദിന. 1:32; 2:3, 4, 18–20, 24, 26, 46; 3:1–9.) ചിലപ്പോൾ അപ്പന് ഒന്നിലധികം ഭാര്യമാർ/വെപ്പാട്ടിമാർ ഉണ്ടായിരുന്നു, അതുകൊണ്ട് ആ സ്ത്രീകളെ പറഞ്ഞിരിക്കുന്നത് പുത്രന്മാരെ തരം തിരിക്കുന്നതിനു വേണ്ടിയായിരുന്നു. [12]ഹഫ്മാൻ 255–56. [13] ലൂയിസ്, 39. [14]ഹഫ്മാൻ, 256. [15]റോബർട്ട് എച്ച്. ഗെന്ട്രി, *മാത്യൂ; എ കമന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്,* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിംങ് കമ്പനി., 1982) 15. [16]വില്യം ഹെൻറിക്സൻ, *ന്യൂടെസ്റ്റമെന്റ് കമന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പൽ എക്കോഡിങ് റ്റു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 116. [17]ജെ. ഡബ്ലിയു. മെക്ഗാർവേ, *ദ ന്യുടെസ്റ്റമെന്റ് കമന്ററി, വാല്യം. 1, മാത്യൂ ആന്റ് മാർക്ക്* (എൻ, പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 16. [18]"ഉസിയാവ്" (*ഓസിയൻസ്*) എന്ന രാജാവ് ഏതാണെന്നറിഞ്ഞതിനെക്കുറിച്ച് തർക്കമുണ്ട്. ചിലർ അഹസ്യാവിനെ അനുകൂലിക്കുന്നു, എന്നാൽ കുടുതൽ സാദ്ധ്യത അസര്യാവിനയാണ് (2 രാജാ 14:21; 15:13, 30). [19]ഏലിയാക്കീമിന്റെ സഹോദരൻ യഹോവാഹാസ് – ക്രിസ്തുവിന്റെ വംശാവലിയുടെ ഭാഗമാകുന്നില്ല – അവൻ മൂന്നുമാസമായിരുന്നു വാണത് എന്നാൽ അവനെ ഫറവോനായിരുന്ന നിക്കോ സ്ഥാനഭ്രഷ്ടനാക്കി (2 രാജാ 23:31–33) [20]യെരുശലേമിൽ നിന്നു ബാബേലിലേക്ക് നാലു തവണ പ്രവാസികളെ പിടിച്ചുകൊണ്ടു പോയി (ദാനി 1:1–7; യിരെ 52:28–30): (1) ബി. സി. 605–ൽ ദാനിയേലിനെ കൊണ്ടുപോയി, (2) ബി. സി. 597–ൽ എഖോന്യയെ കൊണ്ടുപോയി, (3) ബി. സി. 586–ൽ സിദെക്യാവിനെ കൊണ്ടുപോയി, (4) ബി. സി. 582–ൽ നാടുവാഴിയായിരുന്ന ഗെദല്യാവിനെ കൊന്നുകളഞ്ഞു.

[21]ഹാഗ്നർ, 11. [22]മെക്ഗാർവേ, 21. [23]നെബുഖദ്നേസറിന്റെ വാഴ്ച്ചയെക്കുറിച്ച് പറയുന്ന ബാബേൽ പുസ്തകത്തിൽ രാജകീയ കാര്യങ്ങളെ പിൻതാങ്ങിയവർക്കുള്ള റേഷന്റെ കാര്യം പറയുന്നു, അതിൽ "യഹൂദാരാജാവിന്റെ 5 പുത്രന്മാരെക്കുറിച്ചും പറയുന്നു" (ജെയിംസ് ബി. റിച്ചാർഡ്, എഡി., *ഏൻഷ്യന്റ് ന്യൂ ഈസ്റ്റേൺ ടെക്സ്; റിലേറ്റിംഗ് റ്റുദി ഓൾഡ്ടെസ്റ്റമെന്റ്* 3ഡ്. എഡി. [പ്രിൻസ്റ്റൻ, എൻ. ജെ.: പ്രിൻസ്റ്റൻ യൂണിവേഴ്സിറ്റി പ്രസ്സ്, 1969], 308). [24]എച്ച്. ജി. എം. വില്ല്യംസൺ, "സെരുബ്ബാബേൽ," ഇൻ *ദ ഇന്റർനാഷണൽ സ്റ്റാന്റേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* റവ. എഡി., എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിട്സ് മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1988), 4:1193. [25]അതിന് വിപരീതമായി, ദൈവം യെഖോന്യയോടു പറഞ്ഞു (കോനിയ, യഹോയാക്കീം), "അവന്റെ വലതുകൈയിൽ മുദ്രാമോതിരം," ഉണ്ടെങ്കിലും അവനെ നീക്കിക്കളയും (യിരെ 22:24.). [26]ജോസെഫസ് *ലൈഫ്* 1.1–6; സീ *എഗെൻസ്റ്റ് അപ്പിയോൺ* 1.7. [27]മുൻപു പറഞ്ഞതുപോലെ, മത്തായി 1 കാണിക്കുന്നത് യോസേഫിന്റെ വംശാവലിയും, ലൂക്കൊസ് 3 വിവരിക്കുന്നതു മറിയയുടേതുമാണെന്ന് പലരും കരുതുന്നു. [28]ലൂയിസ്, 36. [29]ഇബിഡ്., 37. ഈ പരിശീലനത്തിന്റെ സാങ്കേതിക പേരാണ് "ജെമത്രിയ." അതായിരിക്കാം വെളിപ്പാട് 13:17,18–ൽ ഉപയോഗിച്ചിരിക്കുന്നത്. ജെമത്രിയയുടെ വ്യക്തമായ ഉദാഹരണമാണ് *ബർന്നബാസ്* 9:8–ൽ കാണുന്നത്. [30]ഹാഗ്നർ, 5–6 നോക്കുക.

[31]ബേസ്ഡ് ഓൺ ജാക്ക് വിയൻ, "ദ ബൈബിൾസ് യൂസെസ്സ് വെഴ്സസ്സ്," ആർഎസ്വിപി ന്യൂഷെൽറ്റർ 49–12–80–12 (1980). യൂസ്ഡ് ബൈ പെർമിഷൻ ഓഫ് ജാക്ക് വിയൻ, പി. ഒ. ബോക്സ്. 2222, ഫ്ളോറൻസ്, അൽ. 35630. [32]ഇബിഡ്.